**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 676** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് പോസ്റ്റിൽ വാഹന ചാർജ്ജിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി എത്ര സ്ഥലത്ത് ഇലക്ട്രിക് പോസ്റ്റുകളിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ഇലക്ട്രിക് പോസ്റ്റുകളിൽ വൈദ്യുത വാഹന ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭഘട്ടമായി കോഴിക്കോട് ജില്ലയിൽ പത്ത് പൈലറ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും 2021 ഒക്ടോബർ മാസം പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനം അവലോകനം ചെയ്തതിനെത്തുടർന്ന് പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിക്കുകയും സംസ്ഥാന ത്തൊട്ടാകെ എല്ലാ നിയോജക മണ്ഡലങ്ങളിലുമായി 1165 ചാർജ്ജിംഗ് പോയിന്റുകളും കൂടി സ്ഥാപിച്ചു വരികയും ചെയ്യുന്നു. ഇതിൽ 412 എണ്ണം പ്രവർത്തന ക്ഷമമാണ്. |
| (ബി) | പ്രസ്തുത സംവിധാനം അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്ത് ഇലക്ട്രിക് പോസ്റ്റുകളിൽ വൈദ്യുത വാഹന ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭഘട്ടമായി കോഴിക്കോട് ജില്ലയിൽ പത്ത് പൈലറ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും 2021 ഒക്ടോബർ മാസം പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനം അവലോകനം ചെയ്തതിനെത്തുടർന്ന് പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിക്കുകയും സംസ്ഥാന ത്തൊട്ടാകെ എല്ലാ നിയോജക മണ്ഡലങ്ങളിലുമായി 1165 ചാർജ്ജിംഗ് പോയിന്റുകളും കൂടി സ്ഥാപിച്ചു വരികയും ചെയ്യുന്നു. ഇതിൽ 412 എണ്ണം പ്രവർത്തന ക്ഷമമാണ്. |

സെക്ഷൻ ഓഫീസർ